**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2064** **17.02.2016-ൽ മറുപടിയ്ക്ക്**

**ഊർജ്ജ മേഖല കൈവരിച്ച നേട്ടങ്ങൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. റ്റി. യു. കുരുവിള :<br>ശ്രീ. മോൻസ് ജോസഫ് : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഊർജ്ജ മേഖല കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ ; | (എ)<br>&<br>(ബി) | പാരമ്പര്യ-പാരമ്പര്യേതര ഊർജ്ജോത്പാദനം ഉൾപ്പെടെ ഊർജ്ജ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ അനുബന്ധം ആയി നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്ത് 1.156 മെഗാവാട്ടിന്റെ നാല് സൗരോർജ്ജ പദ്ധതികളാണ് കെ.എസ്.ഇ.ബി ലിമിറ്റഡ് പൂർത്തീകരിച്ചത്. 3.4815 മെഗാവാട്ട് പദ്ധതികളുടെ നിർവ്വഹണം നടന്നു വരുന്നു. 15.4 മെഗാപദ്ധതികൾക്ക് ടെണ്ടർ നടപടികൾ നടന്നു വരുന്നു. |
| (ബി) | പാരമ്പര്യേതര ഊർജ്ജോത്പാദനത്തിൽ സംസ്ഥാനത്തിന്റെ നേട്ടങ്ങൾ വ്യക്തമാക്കുമോ ; | | |
| (സി) | കെ. എസ്. ഇ. ബി. യുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മസ്ദൂർ, ലൈൻമാൻ, ഓവർസിയർ തസ്തികകളിലെ ഒഴിവുകൾ യഥാസമയം നികത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | ഓവർസിയർ തസ്തികയിലും മസ്ദൂർ തസ്തികയിലും സംസ്ഥാനാടിസ്ഥാനത്തിൽ നിലവിൽ ഒഴിവില്ല. ലൈൻമാൻ തസ്തികയിൽ നിലവിൽ 378 ഒഴിവുകളുണ്ട്. ഓവർസിയർ തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് ലൈൻമാൻ തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകി വരുന്നു. മസ്ദൂർ തസ്തികയിൽ ഇപ്രകാരം ഉണ്ടാവുന്ന ഒഴിവുകൾ പി.എസ്. സി ലിസ്റ്റിൽ നിന്നും നിയമനം നടത്തി നികത്തി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ.**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്